# തോപ്പിൽ ഭാസി ജന്മശതാബ്ദി ആഘോഷത്തിനു തുടക്കമായി



കരുനാഗപ്പള്ളിയിൽ നടക്കുന്ന തോപ്പിൽ ഭാസി ജന്മശതാബ്ദി ആഘോഷം അടൂർ ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു

**കരുനാഗപ്പള്ളി** ▸ കേന്ദ്ര സാഹിത്യ അക്കാദമിയും പ്രോഗ്രസീവ് റൈറ്റേഴ്സ് അസോസിയേഷനും ചേർന്നു സംഘടിപ്പിക്കുന്ന തോപ്പിൽ ഭാസി ജന്മശതാബ്ദി ആഘോഷത്തിന് കരുനാഗപ്പള്ളിയിൽ തുടക്കമായി. ചലച്ചിത്രസംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. സാഹിത്യകാരൻ കെ.പി.രാമനുണ്ണി അധ്യക്ഷനായി.

കേന്ദ്ര സാഹിത്യ അക്കാദമി പ്രോഗ്രാം അസിസ്റ്റന്റ് സി.എസ്. ചന്ദ്രശേഖരരാജു, ജില്ലാ ലൈബ്രറി കൗൺസിൽ നിർവാഹകസമിതി അംഗങ്ങളായ ഡോ. വള്ളിക്കാവ് മോഹൻദാസ്, വി.പി. ജയപ്രകാശ് മേനോൻ, താലൂക്ക് ലൈബ്രറി കൗൺസിൽ സെക്രട്ടറി വി.വിജയകുമാർ എന്നിവർ പ്രസംഗിച്ചു.

തുടർന്ന് വിവിധ വിഷയങ്ങളിൽ സെമിനാറുകൾ നടന്നു. 'തോപ്പിൽ ഭാസിയുടെ നാടകങ്ങളിലെ സ്വത്വപ്രതിനിധാനങ്ങൾ' എന്ന വിഷയത്തിൽ ഡോ. ഷിബു എസ്.കൊട്ടാരത്തിൽ, ഡോ. കെ.കൃഷ്ണകുമാർ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. വി.എൻ.മുരളി അധ്യക്ഷനായി. 'ആധുനിക കേരളസമൂഹ നിർമിതിയിൽ തോപ്പിൽ ഭാസിയുടെ നാടകങ്ങൾ വഹിച്ച പങ്ക്' എന്ന വിഷയത്തിൽ ടി.എം.എബ്രഹാം, ഡോ. കെ.ബാബുരാജൻ എന്നിവർ വിഷയങ്ങൾ അവതരിപ്പിച്ചു. അബ്ദുൽ ഗഫൂർ അധ്യക്ഷനായി.

താലൂക്ക് ലൈബ്രറി കൗൺസിലും ലാലാജി ഗ്രന്ഥശാലയും ചേർന്നാണ് സംഘാടനം. ഇന്നു രാവിലെ 10.30-ന് എം.സ്വരാജ് പ്രഭാഷണം നടത്തും. വൈകിട്ട് 4.30-ന് സമാപനസമ്മേളനം കെ.പി.എ.സി. പ്രസിഡന്റ് ബിനോയ് വിശ്വം ഉദ്ഘാടനം ചെയ്യും.